"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - 2020 -21 സാമ്പത്തിക വർഷത്തെ മികച്ച കോർപ്പറേഷൻ/നഗരസഭാ സെക്രട്ടറിമാർക്ക് സാക്ഷ്യപത്രം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.3155/2022/LSGD തീയതി,തിരുവനന്തപുരം, 20-12-2022

പരാമർശം:-
1. 09.02.2022 തീയതിയിലെ സ.ഉ (സാധാ)296/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2. 17.02.2022 തീയതിയിലെ സ.ഉ (സാധാ) 348/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
3. നഗരകാര്യ ഡയറക്ടറുടെ 11.07.2022 തീയതിയിലെ DUA/5192/ 2022-G2 നമ്പർ കത്ത്

**ഉത്തരവ്**

2020-21 സാമ്പത്തിക വർഷത്തിൽ തിരഞ്ഞെടുക്കപ്പെട്ട മികച്ച കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിൽ പ്രസ്തുത കാലയളവിൽ സേവനമനുഷ്ഠിച്ചിരുന്ന സെക്രട്ടറിമാർക്ക് പുരസ്കാരം നൽകുവാൻ പരാമർശം (1) പ്രകാരം സംവിധാനം ഏർപ്പെടുത്തിയിരുന്നു. പരാമർശം (2)പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ മികച്ച കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളായി കോഴിക്കോട് കോർപ്പറേഷനും സുൽത്താൻ ബത്തേരി, തിരൂരങ്ങാടി നഗരസഭകളും തെരഞ്ഞെടുക്കപ്പെട്ടു. ടി കാലയളവിൽ കോർപ്പറേഷൻ/നഗരസഭാ സെക്രട്ടറിമാരായി താഴെ പറയുന്നവർ സേവനം അനുഷ്ഠിച്ചിരുന്നുവെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

| | കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ | | പേര് | കാലയളവ് |
|---|---|---|---|---|
| | | 1 | ബിന ഫ്രാൻസിസ് | -2020 ഏപ്രിൽ മുതൽ 2021 ജനുവരി വരെ |
| | | 2 | ശ്രീമതി.ബിനി കെയു | 2021 ഫെബ്രുവരി 1 മുതൽ സേവനമനുഷ്ഠിച്ചുവരുന്നു. |
| 2. | സുൽത്താൻ ബത്തേരി നഗരസഭ | | | |
| | | | അലി അസ്ഹർ എൻ കെ | 02/07/2018മുതൽ സേവനമനുഷ്ഠിച്ചുവരുന്നു |
| 3. | തിരൂരങ്ങാടി നഗരസഭ | | | |
| | | 1 | നാസ്സിം.ഇ | 01.04.2020 മുതൽ 23.02.2021 വരെ |
| | | 2 | ശ്രീമതി.ഭഗീരഥി എസ് (അസിസ്റ്റന്റ് എഞ്ചിനീയർ) സെക്രട്ടറി -ഇൻ-ചാർജ് | 24.02.2021 മുതൽ 31.03.2021 വരെ |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട മികച്ച കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിൽ 2020-21 സാമ്പത്തിക വർഷത്തിൽ കൂടുതൽ കാലം മികച്ച സേവനമനുഷ്ഠിച്ചിരുന്ന ചുവടെ സൂചിപ്പിച്ചിരിക്കുന്ന സെക്രട്ടറിമാർക്ക് സാക്ഷ്യപത്രം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | കോർപ്പറേഷൻ/മുനിസിപ്പാലിറ്റി | സെക്രട്ടറിയുടെ പേര് |
|---|---|---|
| 1 | കോഴിക്കോട് കോർപ്പറേഷൻ | ശ്രീ.ബിനു ഫ്രാൻസിസ് |
| 2 | സുൽത്താൻബത്തേരി നഗരസഭ | ശ്രീ.അലി അസ്ഹർ എൻ.കെ |
| 3 | തിരൂരങ്ങാടി നഗരസഭ | ശ്രീ.നാസ്സിം ഇ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡീഷണൽ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sonu Jacob**
**Date: 21-12-2022 10:45:40**
സെക്ഷൻ ഓഫീസർ